6. ഇന്റലിജൻസ് ബ്രാഞ്ചിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിന് ഒരു അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം നേരിട്ട് ഡ്രഗ്സ് കൺട്രോളർക്ക് റിപ്പോർട്ട് നൽകുന്നു.

7. ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയത്തിൽ ഒരു ഇന്റേണൽ ആഡിറ്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

8. കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ടിന്റെ ഭാഗമായി കോഴിക്കോട്ടും എറണാകുളത്തും റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി തുടങ്ങുവാൻ പദ്ധതി ആവിഷ്ക്കരിച്ച് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിരുന്നു. എന്നാൽ അവ അംഗീകരിക്കപ്പെട്ടില്ല. പകരം കേന്ദ്രസർക്കാർ ഇപ്പോൾ നിലവിലുള്ള തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ 59.50 ലക്ഷം രൂപ വാഗ്ദാനം ചെയ്തിട്ടുണ്ട്.

9. ഔഷധ വിൽപ്പന, വിതരണ നിർമ്മാണ ലൈസൻസുകളുടെ കാലാവധി 2 വർഷത്തിൽ നിന്നും 5 വർഷമാക്കുകയും ലൈസൻസ് ഫീസ് ഉയർത്തുകയും ചെയ്തിട്ടുണ്ട്.

10. ഔഷധ നിർമ്മാണ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തി പ്രോസിക്യൂട്ട് ചെയ്യുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

11. കണ്ണൂർ, തൃശ്ശൂർ എന്നീ മേഖലാ ഓഫീസുകളിൽ വാഹനം അനുവദിച്ച് കൊടുത്തിട്ടുണ്ട്.

12. വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

13. ലൈസൻസിന്റെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾക്ക് പകരം പിഴ ഈടാക്കുന്ന രീതി (Compounding of offences) കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

14. സ്വകാര്യ ആശുപത്രികളുടെ ലൈസൻസുകൾ സംബന്ധിച്ച് എത്രയും വേഗം തീരുമാനം ഉണ്ടാക്കുവാൻ അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ടു കൊണ്ടിരിക്കുന്നു.

എം. പി.-മാരുടെ യോഗം

*4 [384] ശ്രീ. രാജു എബ്രഹാം:

„ പി. ജയരാജൻ:

„ വി. ചെന്താമരാക്ഷൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് ഏറ്റവും ഒടുവിൽ കൂടിയ എം. പി.-മാരുടെ യോഗം ചർച്ച ചെയ്തതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത യോഗത്തിൽ ഏതെല്ലാം പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് തീരുമാനിച്ചിരുന്നത്;

(സി) സംസ്ഥാനത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് കേന്ദ്രത്തിൽ നിവേദനങ്ങൾ എന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്രത്തിൽ നിവേദനങ്ങൾ സമർപ്പിക്കുന്നതിനു മുമ്പ് സംസ്ഥാനത്തെ എം. പി.-മാരുടെ അഭിപ്രായം ആരാഞ്ഞിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ ആന്റ് ബി) ഏറ്റവും ഒടുവിൽ, അതായത് 2-7-2004-ൽ കൂടിയ എം. പി.-മാരുടെ യോഗത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ച പ്രധാന വിഷയങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി ആന്റ് ഡി) ഉണ്ട്. സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി തന്നെ പ്രധാനമന്ത്രിക്കും ധനകാര്യം, റെയിൽവേ, കൃഷി, ഊർജ്ജം, വ്യവസായ-വാണിജ്യം ഉൾപ്പെടെയുള്ള കേന്ദ്ര മന്ത്രിമാർക്കും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എം. പി.-മാരുടെ യോഗം ചേർന്നത് നിവേദനങ്ങൾ സമർപ്പിച്ചതിനു ശേഷമാണ്.

സെക്കന്ററി ഹെൽത്ത് സ്കീം പ്രോജക്ട്

*5 [385] ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സെക്കന്ററി ഹെൽത്ത് സ്കീം പ്രോജക്ടിന് ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം വ്യവസ്ഥകളാണ് ലോകബാങ്ക് വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) വ്യവസ്ഥകൾ അംഗീകരിച്ചാൽ മാത്രമേ പദ്ധതികൾക്ക് അംഗീകാരം നൽകുകയുള്ളൂവെന്ന ലോകബാങ്ക് പ്രതിനിധിയുടെ പ്രസ്താവന ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ലോകബാങ്കിന്റെ വ്യവസ്ഥകൾ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഈ പദ്ധതി നടപ്പിലാക്കാൻ എത്ര തുകയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[19-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *4 (384) കാണുക.]

50,000 രൂപയ്ക്കു മുകളിലുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുക, കാർഷിക കടങ്ങൾക്ക് പലിശയിളവ് അനുവദിക്കുക, പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ ആവിഷ്ക്കരിക്കുക, ഫാക്ട് (FACT) പൊതുമേഖലയിൽ നിലനിർത്തുക, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക, കേരളത്തിന് റെയിൽവേ സോൺ അനുവദിക്കുക, ഗേജ് മാറ്റത്തിനും റെയിൽപാത ഇരട്ടിപ്പിക്കുന്നതിനും കൂടുതൽ തുക അനുവദിക്കുക, നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത അനുവദിക്കുക, റെയിൽവേ മേൽപ്പാലങ്ങൾക്ക് കൂടുതൽ തുക വകയിരുത്തുക, നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കുക, കടൽഭിത്തി നിർമ്മാണത്തിന് കേന്ദ്ര സഹായം ലഭ്യമാക്കുക, കാർഷിക മേഖലയ്ക്ക് കൂടുതൽ വായ്പ അനുവദിക്കുക, ഇറക്കുമതി/കയറ്റുമതി നയങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുക, ആഴക്കടൽ മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തുക, വല്ലാർപ്പാടം കണ്ടെയിനർ ടെർമിനൽ യാഥാർത്ഥ്യമാക്കുക, വിഴിഞ്ഞം തുറമുഖം വികസിപ്പിക്കുക, എൽ.എൻ.ജി. ടെർമിനൽ കൊച്ചിയിൽ സ്ഥാപിക്കുക, കെൽട്രോൺ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുക, പമ്പാ ആക്ഷൻ പ്ലാൻ രണ്ടും മൂന്നും ഘട്ടങ്ങൾക്ക് തുക വകയിരുത്തുക, കശുവണ്ടി മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ 100 കോടി രൂപ നൽകുക. കൈത്തറി, ബീഡി എന്നിവയുടെ എക്സൈസ് ഡ്യൂട്ടി ഇളവു ചെയ്യുക, കുമരകം പാക്കേജിലെ പദ്ധതികൾ നടപ്പിലാക്കാൻ സഹായം നൽകുക. മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടിയെടുക്കുക, സംസ്ഥാനത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, സെൻട്രൽ ഇൻലാൻഡ് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിലനിർത്തുക, സംസ്ഥാനത്തെ പാക്കിസ്ഥാൻ പൗരന്മാരുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിക്കുക, ബഡ്ജറ്റ് എയർലൈൻസ് യാഥാർത്ഥ്യമാക്കുക, കോഴിക്കോട് വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി നൽകുക, വിദേശ ഇൻഡ്യാക്കാർക്ക് വോട്ടവകാശം നൽകുക, കണ്ണൂരിൽ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് സ്ഥാപിക്കുക, ശബരിമല വികസനത്തിന് കൂടുതൽ വനഭൂമി ലഭ്യമാക്കുക, സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് പുനഃസ്ഥാപിക്കുക, ബി.പി.എൽ. മാനദണ്ഡങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുക, ദേശീയ ജലപാതയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക, റോഡ് സെസിൽനിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം നൽകുക എന്നീ പ്രധാന പ്രശ്നങ്ങളാണ് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ 2-7-2004-ൽ ചേർന്ന എം.പി.മാരുടെ സമ്മേളനത്തിൽ തീരുമാനമായത്.

LIBRARY ARCHIVES Kerala Legislative Assembly